ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

നമ്പർ:LSGD/PD/18674/2023-CD3 തീയതി: 05-06-2025

# സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-2025-26 സാമ്പത്തിക വർഷത്തെ സാങ്കേതികപരിശീലനം -വിവരശേഖരണം - സംബന്ധിച്ച്

സൂചന: 1. 29.05.2025 തീയതിയിലെ ട്രെയിനിങ് കോർഡിനേഷൻ കമ്മിറ്റി യോഗം

തദ്ദേശ സ്വയംഭരണ വകുപ്പിലെ സാങ്കേതിക ജീവനക്കാർക്ക് 2025-26 സാമ്പത്തിക വർഷത്തിൽ വിവിധ വിഷയങ്ങളിൽ സാങ്കേതിക പരിശീലനം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുകയാണ്. പുതുതായി സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവർക്കും, കൂടാതെ, നിലവിൽ സർവ്വീസിൽ ഉള്ളവർക്കും ഉൾപ്പടെ എല്ലാ സാങ്കേതികവിഭാഗം ജീവനക്കാർക്കും സമഗ്രമായ സാങ്കേതിക പരിശീലനം നല്കണം എന്ന ലക്ഷ്യത്തോടു കൂടിയാണ് പരിശീലനത്തിന്റെ ക്രമീകരണങ്ങൾ നടക്കുന്നത്. ആയതിലേക്ക് സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിലേക്കായി ചീഫ് എൻജിനീയറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രൊഫോർമ P-1305, 09.06.2025, 5 pm- നകം എല്ലാ ഉദ്യോഗസ്ഥരും പൂരിപ്പിക്കേണ്ടതാണ്. തങ്ങളുടെ അധികാരപരിധിക്കുള്ളിലുള്ള എല്ലാ ഉദ്യോഗസ്ഥരും പ്രൊഫോർമ സമയബന്ധിതമായി പൂരിപ്പിച്ചിട്ടുണ്ട് എന്ന് കോർപറേഷൻ സൂപ്രണ്ടിങ് എൻജിനീയർമാർ, ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി എക്സിക്യൂട്ടീവ് എൻജിനീയർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
Sandeep K G
CHIEF ENGINEER

ഉള്ളടക്കം : 1. പ്രൊഫോർമ P-1305

പകർപ്പ്:
1. ദക്ഷിണ/ഉത്തര മേഖല കാര്യാലയം സൂപ്രണ്ടിങ് എൻജിനീയർമാർ
2. എല്ലാ കോർപറേഷൻ സൂപ്രണ്ടിങ് എൻജിനീയർമാർ
3. എല്ലാ ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി എക്സിക്യൂട്ടീവ് എൻജിനീയർമാർ

Signed by
Sandeep K G
Date: 05-06-2025 19:54:40